**ഭരണഭാഷ മാതൃഭാഷ**

## പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമ ഉത്തരവ്

വിഷയം:- പൊതു വിദ്യാഭ്യാസം-ഗവൺമെന്റ് /എയ്ഡഡ്-സ്കൂളുകളിലെ വാർഷിക പരിശോധന-സംബന്ധിച്ച്

സൂചകം:- 1. 20-7-2012-ലെ ഗവ.കത്ത് നം.25566/ജെ.3/12/പൊ.വി.
2. ഈ ഡയറക്ടറേറ്റിലെ 10-10-2012-ലെ ഇതേ നം.കത്ത്.
3. 8-7-2013-ലെ ഇതേ നം.സർക്കുലർ.

ഉത്തരവ് നം.എച്ച്(2)/56257/2012/ഡി.പി.ഐ.തീയതി 29-9-2013

കേരള വിദ്യാഭ്യാസ നിയമം അദ്ധ്യായം 15 ചട്ടം 10, 12,13,14 പ്രകാരം എല്ലാ വിദ്യാഭ്യാസ ആഫീസർമാരും അവരുടെ അധികാര പരിധിയിലുള്ള സ്കൂളുകളിൽ നിർബന്ധമായും വർഷത്തിൽ ഒരു പ്രാവശ്യമെങ്കിലും വാർഷിക പരിശോധന നടത്തേണ്ടതും, പ്രസ്തുത പരിശോധനാ വേളയിൽ അദ്ധ്യാപകരുടെ അദ്ധ്യാപനം വിലയിരുത്തേണ്ടതും, അദ്ധ്യയനത്തിൽ അവർ കാണിക്കുന്ന മികവും, പോരായ്മയും ചൂണ്ടിക്കാണിക്കേണ്ടതുമാണ്. പരിശോധന കഴിഞ്ഞ് അദ്ധ്യാപകരുടെ മീറ്റിംഗ് വിളിച്ചുചേർത്ത് സ്കൂളിന്റേയും, അദ്ധ്യാപകരുടേയും പ്രവർത്തനം വിലയിരുത്തിയതു സംബന്ധിച്ച് അവരെ അറിയിക്കേണ്ടതുമാണ്. പരിശോധന സംബന്ധിച്ച് റിപ്പോർട്ട് തൊട്ടടുത്ത മേലധികാരിക്ക് സമർപ്പിക്കേണ്ടതാണ്. ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർ ജില്ലാ വിദ്യാഭ്യാസ ആഫീസർക്കും, ജില്ലാവിദ്യാഭ്യാസ ആഫീസർമാർ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർക്കും ബന്ധപ്പെട്ട പ്രഫോർമയിൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

വിദ്യാഭ്യാസ ഉപഡയറക്ടർമാർ തങ്ങളുടെ അധികാര പരിധിയിലുള്ള വിദ്യാഭ്യാസ ആഫീസുകളിലെ സ്കൂളുകളിലും കൃത്യമായി ആഡിറ്റിംഗ് നടത്തേണ്ടതും, ക്രമക്കേടുകൾ സമയബന്ധിതമായി പരിഹരിക്കേണ്ടതുമാണ്. വാർഷിക പരിശോധനയിലും, ആഡിറ്റിംഗിലും വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ സർവ്വീസ് ചട്ടങ്ങൾക്കനുസൃതമായ നടപടിയെടുക്കുന്നതാണ്.

**പൊതു വിദ്യാഭ്യാസ ഡയറക്ടർ**

പകർപ്പ്-
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും.
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും

എ.കെ.വി.30-9-2013